ഡോക്ടർമാരുടെ സ്വയം വിരമിക്കലും അവധിയെടുക്കലും

50 (6203) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ പലരും സ്വയം വിരമിക്കുന്നതും നീണ്ട അവധിയിൽ പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും എത്ര ഡോക്ടർമാർ നീണ്ട അവധിയിൽ പ്രവേശിച്ചു എന്നും എത്ര ഡോക്ടർമാർ സ്വയം വിരമിക്കൽ വാങ്ങിയിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർക്ക് പുതിയ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതിനുശേഷം ഈ പ്രവണത കുറഞ്ഞു വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശഷം 5 ഡോക്ടർമാർ പഠനാവശ്യങ്ങൾക്കായി ശമ്പളരഹിത അവധിയിൽ പ്രവേശിച്ചു. 2 പേർക്ക് ആരോഗ്യപരമായ കാരണങ്ങളാൽ സ്വയം വിരമിക്കൽ അനുവദിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള ട്രാൻസ്ഫറും പോസ്റ്റിംഗും

51 (6204) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള ട്രാൻസ്ഫറും പോസ്റ്റിംഗും പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളിലും ഇതിനു ശേഷം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര തസ്തികകൾ അവ എത്ര നാൾക്കകം നികത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പെഷ്യാലിറ്റി കേഡർ പ്രകാരമുള്ള പോസ്റ്റിംഗ് പൂർത്തിയായിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള ചില ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly